"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

മത്സ്യബന്ധന തുറമുഖ വകുപ്പ്- തലശ്ശേരി കടൽപാലം നവീകരണം- ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.114/2024/F&P തീയതി,തിരുവനന്തപുരം, 22-02-2024

പരാമർശം:-
1. കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 19/06/2023 തീയതിയിലെ സി1-2962/2019 നമ്പർ കത്ത്.
2. 02.12.2023ലെ സ.ഉ.(സാധാ)നം.960/2023/മതുവ
3. കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിന് അയച്ച് 21/11/2023 തീയതിയിലെ 131/ഇ1/2020/മതുവ നമ്പർ കത്ത്.

<u>ഉത്തരവ്</u>

വലിയതുറ പാലം നവീകരണത്തിന് 18 കോടി രൂപയുടെയും തലശ്ശേരി പാലം നവീകരണത്തിന് 15 കോടി രൂപയുടെയും പ്രപ്പോസൽ ഭരണാനുമതി ലഭ്യമാക്കുന്നതിനായി കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിക്കുകയും, പ്രസ്തുത പ്രവൃത്തി 3 വർഷം കൊണ്ട് ഘട്ടം ഘട്ടമായി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും 5051-02-200-86-development of Ports-എന്ന് ശീർഷകത്തിൽ നിന്ന് ഫണ്ട് കണ്ടെത്താവുന്നതാണെന്നും പരാമർശം (1) പ്രകാരം റിപ്പോർട്ടു ചെയ്തിരുന്നു.

2. വലിയതുറയിൽ സ്ഥിതി ചെയ്യുന്ന കേരള മാരിടൈം ബോർഡിന്റെ ഓഫീസ് സമുച്ചയവും അനുബന്ധ കെട്ടിടങ്ങളും കടൽപാലവും ടൂറിസം പ്രവർത്തനങ്ങൾ നടത്തുന്നതിന് PPP മോഡലിൽ വികസിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതിന് കേരള മാരിടൈം ബോർഡിന് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സാഗർമാല പദ്ധതിയിൻ കീഴിൽ അനുമതി ലഭ്യമാക്കുന്നതിനായി 7 പ്രപ്പോസലുകൾ കേന്ദ്ര സർക്കാരിന്റെ ഷിപ്പിംഗ് മന്ത്രാലയത്തിലെ സാഗർമാല സെല്ലിനു പരാമർശം (3) പ്രകാരം നൽകിയിട്ടുമുണ്ട്. പ്രസ്തുത പ്രപ്പോസലുകളിൽ വലിയതുറ, തലശ്ശേരി പാലങ്ങളുടെ നവീകരണത്തിനുള്ള പ്രപ്പോസലുകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

3. തലശ്ശേരി കടൽപാലം നവീകരണവുമായി ബന്ധപ്പെട്ട പ്രപ്പോസൽ സർക്കാർ പരിശോധിച്ചു. നടപ്പു വർഷം 5051-02-200-86-development of Ports എന്ന ശീർഷകത്തിൽ 500 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയതിൽ 147 ലക്ഷത്തിന്റെ

ഭരണാനുമതി ഇതിനോടകം അനുവദിച്ചു കഴിഞ്ഞു. പ്രപ്പോസൽ സാഗർമാലയിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുമുണ്ട്.

4. മേൽ സാഹചര്യത്തിൽ തലശ്ശേരി കടൽപാലം നവീകരണത്തിനായി സമർപ്പിച്ചിരിക്കുന്ന 1500 ലക്ഷം രൂപയുടെ പ്രപ്പോസലിനുള്ള ഭരണാനുമതിക്ക് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായ തുകയിൽ 353 ലക്ഷം രൂപ 5051-02-200-86-development of Ports എന്ന ശീർഷകത്തിൽ ബാക്കിയുള്ള വിഹിതത്തിൽ നിന്നും (500-147 = 353), പുറമെയുള്ള 1147 ലക്ഷം രൂപ (1500-353 = 1147) "സാഗർമാല" പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ആയതിൽ നിന്നും കണ്ടെത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗിരിജ കുമാരി.ജി
അഡിഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈംബോർഡ്,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള തിരുവനന്തപുരം
ധനകാര്യ(WCD) വകുപ്പിന്റെ 20/02/2024 തീയതിയിലെ 2491328/WCD-2/219/2023-FIN നമ്പർ ഫയൽ
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യു മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)

കുരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Usha P Y
സെക്ഷൻ ഓഫീസർ
Date: 22-02-2024 15:33:53